പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 214

# മെഡിക്കൽ പഠനാവശ്യത്തിനായി മൃതശരീരങ്ങൾ വിട്ടുനൽകലും പ്രോത്സാഹിപ്പിക്കലും ബിൽ

(ശ്രീ. മുഹമ്മദ് മുഹസിൻ, എം. എൽ. എ. നോട്ടീസ് നൽകിയത്)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 214

**മെഡിക്കൽ പഠനാവശ്യത്തിനായി മൃതശരീരങ്ങൾ**
**വിട്ടുനൽകലും പ്രോത്സാഹിപ്പിക്കലും ബിൽ**

(ശ്രീ. മുഹമ്മദ് മുഹസിൻ, എം. എൽ. എ. നോട്ടീസ് നൽകിയത്)

1084/2024.

# മെഡിക്കൽ പഠനാവശ്യത്തിനായി മൃതശരീരങ്ങൾ വിട്ടുനൽകലും പ്രോത്സാഹിപ്പിക്കലും ബിൽ

(ശ്രീ. മുഹമ്മദ് മുഹസിൻ എം. എൽ. എ. നോട്ടീസ് നൽകിയത്)

സംസ്ഥാനത്ത് മെഡിക്കൽ വിദ്യാഭ്യാസ മേഖലയിൽ പഠനാവശ്യത്തിന് വേണ്ടത്ര മൃതശരീരങ്ങൾ ലഭ്യമാക്കുന്നതിന് ഈ മേഖലയിൽ മരണാനന്തരം സ്വമേധയ മൃതശരീരങ്ങൾ വിട്ടു നൽകുന്നതിനും പൗരൻമാർക്കിടയിൽ ഈ വിഷയത്തിൽ അവബോധം നടത്തുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—സംസ്ഥാനത്ത് മെഡിക്കൽ വിദ്യാഭ്യാസരംഗത്ത് പഠനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിലേയ്ക്കായി ലഭിച്ചു കൊണ്ടിരിക്കുന്ന മൃതശരീരങ്ങളുടെ ദൗർലഭ്യം പരിഹരിക്കുന്നതിനും ഈ മേഖലയിൽ പഠനാവശ്യത്തിന് മൃതശരീരങ്ങൾ വിട്ടു നൽകുന്നത് പൗരധർമ്മമാക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിനു ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തി അഞ്ചാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു.—

1\. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് മെഡിക്കൽ പഠനാവശ്യത്തിനായി മൃതശരീരങ്ങൾ വിട്ടു നൽകലും പ്രോത്സാഹിപ്പിക്കലും ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് സർക്കാർ, ഗസറ്റ് വിജ്ഞാപനം മുഖേന നിശ്ചയിക്കാവുന്ന അങ്ങനെയുള്ള തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. <u>നിർവ്വചനങ്ങൾ.</u>—(എ) ഈ ആക്റ്റിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം (എ) "മൃതശരീരം" എന്നാൽ - ഒരു അംഗീകൃത ഡോക്ടർ ജീവശാസ്ത്രപരമായി മരണപ്പെട്ടു എന്ന് സാക്ഷ്യപ്പെടുത്തിയ ശരീരം എന്ന് അർത്ഥമാകുന്നു.

(ബി) "ബോർഡ്" എന്നാൽ മൃതശരീരങ്ങളുടെ പരിശോധനയ്ക്കായി സംസ്ഥാനത്തെ മെഡിക്കൽ ബോർഡ് എന്ന് അർത്ഥമാകുന്നു.

(സി) "മെഡിക്കൽ കോളേജ്" സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകൾ എന്ന് അർത്ഥമാകുന്നു.

(ഡി) "സമ്മത പത്രം" എന്നാൽ ജീവിച്ചിരിക്കുന്ന വ്യക്തി മരണാനന്തരം മൃതശരീരം ജീവിച്ചിരിക്കുന്ന വ്യക്തി സന്നദ്ധമാണെന്ന് നിർണ്ണയിക്കാവുന്ന ഫാറത്തിൽ സാക്ഷ്യപ്പെടുത്തി നൽകിയ അനുമതി പത്രം എന്ന് അർത്ഥമാകുന്നു.

(എഫ്) "സംസ്ഥാനം" എന്നാൽ കേരള സംസ്ഥാനം എന്ന് അർത്ഥമാകുന്നു.

(ജി) "നിർണ്ണയിക്കപ്പെട്ട " എന്നാൽ ഈ ആക്റ്റ് മുഖേന നിർണ്ണയിക്കപ്പെട്ട എന്ന് അർത്ഥമാകുന്നു.

(എച്ച്) "ഡയറക്ടർ" എന്നാൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ എന്ന് അർത്ഥമാകുന്നു.

(ഐ) "അനാട്ടമി വിഭാഗം" എന്നാൽ മെഡിക്കൽ കോളേജിലെ അനാട്ടമി വിഭാഗം എന്ന് അർത്ഥമാകുന്നു.

(ജെ) "നേർവഴിക്കുള്ള രക്തബന്ധം", "പാർശ്വവഴിക്കുള്ള രക്തബന്ധം" എന്നിവയ്ക്ക് 1925-ലെ ഇൻഡ്യൻ പിന്തുടർച്ചാവകാശ ആക്റ്റിൽ അവയ്ക്ക് കൊടുത്തിട്ടുള്ള അർത്ഥം തന്നെ ഉണ്ടായിരിക്കുന്നതും, ബന്ധുത്വത്തിന്റെ സ്ഥാനങ്ങൾ ആ ആക്റ്റിൽ നിശ്ചയിച്ച വിധത്തിൽ കണക്കാക്കേണ്ടതുമാകുന്നു.

(കെ) "അനാഥജഡം" എന്നതിന് ഒരു ആശുപത്രിയിൽ വച്ചോ, കാരാഗൃഹത്തിലോ, പൊതുസ്ഥലത്ത് വച്ചോ ഒരാൾ മരിക്കുകയും നിർണ്ണയിക്കപ്പെടാവുന്ന സമയത്തിനുള്ളിൽ അയാളുടെ അടുത്ത ബന്ധുക്കളിൽ ആരെങ്കിലുമോ, പരേതന്റെ മതം വകയായുള്ള ഏതെങ്കിലും അംഗീകൃത മതസ്ഥാപനമോ, പൊതുസ്ഥാപനമോ അയാളുടെ മൃതദേഹം അവകാശപ്പെടാതിരിക്കുകയും ചെയ്താൽ, ആ മൃതദ്ദേഹം എന്ന് അർത്ഥമാകുന്നു .

(എൽ) "അടുത്ത ബന്ധു" എന്നാൽ താഴെ പറയുന്ന പ്രകാരം പരേതന്റെ ബന്ധുക്കളിൽ ആരെങ്കിലും അതായത് ഭാര്യ, ഭർത്താവ്, മാതാവ് അല്ലെങ്കിൽ പിതാവ്, പുത്രൻ, പുത്രി, സഹോദരൻ അല്ലെങ്കിൽ സഹോദരി എന്ന് അർത്ഥമാകുന്നതുമാകുന്നു.

3. മരണാനന്തരം ശരീരം മെഡിക്കൽ വിദ്യാർത്ഥികളുടെ പഠനാവശ്യത്തിന് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ.—(എ) മരണാനന്തരം ശരീരം മെഡിക്കൽ വിദ്യാർത്ഥികളുടെ പഠനാവശ്യത്തിനായി ലഭ്യമാക്കണം.

(ബി) മരണശേഷം മൃതദേഹം ഏറ്റെടുക്കുന്നതിലേക്കുള്ള നടപടിക്രമങ്ങൾ ജനങ്ങൾക്ക് സ്വീകര്യമാകും വിധം ലളിതമാക്കണം.

(സി) പരേതന്റെ ബന്ധുക്കളെ യാതൊരു കാരണവശാലും നിയമ നടപടികളുടെ പേരിൽ ബുദ്ധിമുട്ടിക്കാൻ പാടില്ല.

(ഡി) സമ്മതപത്രം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ മെഡിക്കൽ കോളേജുകളിൽ പൊതുജനങ്ങൾക്ക് കാണത്തക്കവിധം നിർണ്ണയിക്കപ്പെട്ട തീയതിയിൽ പ്രദർശിപ്പിക്കണം .

(ഇ) മൃതദേഹങ്ങൾ ദാനം ചെയ്യുന്നതിനായി സന്നദ്ധ സംഘടനകൾ വഴിയുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തണം.

(എഫ്) മൃതദേഹം ആശുപത്രി ഏറ്റെടുത്തതായുള്ള സാക്ഷ്യപത്രം 24 മണിക്കൂറിനുള്ളിൽ ബന്ധുക്കൾക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം.

(ജി) മൃതദേഹം ആശുപത്രിയിൽ ഏറ്റെടുക്കുന്നതിനായി അനാട്ടമി വിഭാഗത്തിൽ ഒരു സ്ഥിരം സമിതിയെ നിയമിക്കേണ്ടതാണ്.

(എച്ച്) സമ്മതപത്രം നൽകിയ വ്യക്തികളുടെ വിവരങ്ങൾ സംബന്ധിച്ച് പഞ്ചായത്തിൽ പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആ വ്യക്തി മരണപ്പെട്ടാൽ ഉടൻ തന്നെ പഞ്ചായത്ത് അധികൃതർ മൃതശരീരം ഏറ്റെടുക്കുന്നതിന് ബന്ധപ്പെട്ട സ്ഥാപനത്തെ അറിയിക്കേണ്ടതുമാണ്.

(ഐ) സമ്മതപത്രം നൽകിയ വ്യക്തി മരണപ്പെട്ടാൽ ആചാരപ്രകാരമുള്ള നടപടികൾ സ്വീകരിച്ച ശേഷം എത്രയും വേഗം ബന്ധപ്പെട്ട അധികൃതർക്ക് മൃതദേഹം വിട്ടുകൊടുക്കാൻ ബന്ധുക്കൾ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതിനായി രൂപീകരിക്കപ്പെട്ട പഞ്ചായത്ത്തല സമിതി അംഗങ്ങൾ വേണ്ട സഹായങ്ങൾ ബന്ധുക്കൾക്ക് നൽകേണ്ടതാണ്.

4. സമ്മത പത്രം നൽകുന്നതിലെ നടപടി ക്രമം.—ഇത്തരത്തിൽ സമ്മതപത്രം ഒരു വ്യക്തി നൽകുമ്പോൾ അടുത്ത ബന്ധുക്കളുടെ കൂട്ടത്തിൽ പ്രായപൂർത്തിയായ ആളുണ്ടെങ്കിൽ അവർ കൂടി സാക്ഷ്യപ്പെടുത്തി നൽകേണ്ടതാണ്. കൂടാതെ സമീപത്തെ തദ്ദേശസ്വയംഭരണ

സ്ഥാപനത്തിലെ ഏതെങ്കിലും തിരഞ്ഞെടുക്കപ്പെട്ട ഒരു ജനപ്രതിനിധിയുടെ സാക്ഷ്യപത്രം കൂടി നൽകേണ്ടതാണ്. അല്ലാത്തപക്ഷം ഒരു ഗസറ്റഡ് ഓഫീസർ നൽകുന്ന സാക്ഷ്യപത്രത്തിന്റെ കൂടി അടിസ്ഥാനത്തിൽ ആയിരിക്കണം സമ്മതപത്രം നൽകേണ്ടത്.

5. സമ്മതപത്രം നൽകുന്നവർക്കുള്ള സാക്ഷ്യപത്രം നൽകൽ.—മെഡിക്കൽ കോളേജിലെ പഠനാവശ്യങ്ങൾക്കായി മൃതശരീരം വിട്ടുനൽകാൻ സമ്മതപത്രം നൽകിയവർക്ക് അത് ലഭിച്ച എന്ന് സാക്ഷ്യപ്പെടുത്തുന്ന സർട്ടിഫിക്കറ്റും ആശുപത്രി സേവനങ്ങൾക്ക് മുൻഗണന ലഭിക്കുന്നതിനായി ഉപയോഗിക്കുന്നതിനായി പ്രത്യേകം തയ്യാറാക്കിയ തിരിച്ചറിയൽ കാർഡും സർക്കാർ മുദ്രയോട് കൂടി നൽകേണ്ടതാണ്.

6. സമ്മതപത്രം നൽകിയ വ്യക്തികൾക്ക് ആശുപത്രി സേവനങ്ങൾക്ക് പ്രത്യേക പരിഗണന നൽകൽ.—ഇത്തരത്തിൽ സമ്മതപത്രം നൽകിയ ഐ.ഡി. നമ്പർ ലഭ്യമായിട്ടുള്ള ഓരോ വ്യക്തിക്കും ആശുപത്രികളിൽ സൗജന്യ ചികിത്സയും, അതോടൊപ്പം തന്നെ ആശുപത്രികളിൽ മുൻഗണനയും നൽകുവാൻ പ്രത്യേകം നിർണ്ണയിക്കപ്പെട്ട രീതിയിൽ നടപടിക്രമങ്ങൾ രൂപീകരിക്കേണ്ടതാണ്.

7. സമ്മതപത്രം നൽകിയവരുടെ ചികിൽസ വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിക്കുന്നതിനുള്ള വ്യവസ്ഥ.—സമ്മതപത്രം നൽകിയ വ്യക്തികൾ ആശുപത്രിയിൽ ചികിത്സയ്ക്കായി പ്രവേശിച്ചാൽ സമ്മതപത്രത്തിലെ വ്യക്തിയുടെ ഐ.ഡി. നമ്പർ ഫോമിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. ഇത്തരത്തിൽ സമ്മതപത്രം നൽകിയ വ്യക്തിയുടെ ചികിൽത്സാ വിവരങ്ങൾ പ്രത്യേകം സൂക്ഷിക്കേണ്ടതും പഠനാവശ്യത്തിനായി മൃതശരീരം ഏറ്റെടുത്തശേഷം പ്രസ്തുത വിവരങ്ങൾ മെഡിക്കൽ കോളേജിൽ നൽകേണ്ടതും അത് മൃതദേഹം പഠനാവശ്യത്തിന് ലഭിക്കുന്ന സ്ഥാപനങ്ങൾക്ക് കൈമാറേണ്ടതുമാണ്.

8. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരപരിധിയിൽ ലഭിക്കുന്ന അനാഥ മൃതശരീരങ്ങൾ പഠനാവശ്യങ്ങൾക്ക് നൽകുന്നതിനുള്ള വ്യവസ്ഥ.—തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാര പരിധിയിൽ ലഭിക്കുന്ന അനാഥ മൃതശരീരങ്ങൾ പഠനാവശ്യത്തിന് യോഗ്യമെങ്കിൽ ആയത് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് മെഡിക്കൽ കോളേജുകൾക്ക് കൈമാറുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

സമ്മതപത്രം നൽകിയവരുടെ മൃതശരീരങ്ങൾ യഥാസമയം ആശുപത്രി അധികൃതർക്ക് കൈമാറുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഒരു പ്രത്യേക സമിതി രൂപീകരിക്കേണ്ടതാണ്.

9. <u>അടുത്ത ബന്ധുവിനെ സംബന്ധിച്ചുള്ള സംശയമോ, തർക്കമോ ഉണ്ടെങ്കിൽ മജിസ്ട്രേറ്റിന്റെ അഭിപ്രായത്തിനയക്കേണ്ടതാണ്.</u>—(എ) ഒരാൾ പരേതന്റെ അടുത്ത ബന്ധുവോ, അല്ലയോ എന്നതിനെ സംബന്ധിച്ച് എന്തെങ്കിലും സംശയമോ, തർക്കമോ ഉത്ഭവിക്കുന്നതായാൽ ആ കാര്യത്തിൽ ഒന്നാം ക്ലാസ്സ് മജിസ്ട്രേറ്റിന്റെ അഭിപ്രായത്തിനയക്കേണ്ടതും, ആ മജിസ്ട്രേറ്റിന്റെ തീർപ്പ്, അന്തിമവും നിർണ്ണായകവും ആയിരിക്കേണ്ടതുമാകുന്നു .

(ബി) അങ്ങനെയുള്ള തീർപ്പ് ഉണ്ടാകുന്നതുവരെ, പരേതന്റെ മൃതദേഹം നിർണ്ണയിക്കപ്പെടാവുന്നവിധത്തിൽ, കേടുവരാതെ സൂക്ഷിക്കേണ്ടതാണ്.

10. <u>മൃതദേഹങ്ങൾ ഏറ്റെടുക്കുന്ന കാര്യത്തിൽ പ്രത്യേക സാഹചര്യത്തിൽ നടപടിക്രമങ്ങൾ ഒഴിവാക്കി നൽകുന്നതിനുള്ള വ്യവസ്ഥ.</u>—ചില പ്രത്യേക അവസരങ്ങളിൽ മൃതദേഹങ്ങൾ ഏറ്റെടുക്കാനുള്ള നടപടികളിൽ നിന്ന് വിട്ടുനിൽക്കുന്നതിന് നിർണയിക്കപ്പെട്ട രീതിയിൽ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനും അല്ലെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ സമിതിക്കോ കൂട്ടായ തീരുമാനത്തിൽ എത്തിച്ചേരാവുന്നതാണ്. എന്നാൽ ഇത്തരം ഒഴിവാക്കലുകൾ ഏറ്റവും വേണ്ടപ്പെട്ട സാഹചര്യങ്ങളിൽ അല്ലാതെ ഒഴിവാക്കാൻ പാടില്ലാത്തതാകുന്നു.

11. <u>സമ്മതപത്രത്തിലെ ബന്ധപ്പെടാനുള്ള വിവരങ്ങൾ നിശ്ചിത സമയങ്ങളിൽ പുതുക്കുന്നതിനുള്ള വ്യവസ്ഥ.</u>—(എ) വിലാസം, ഫോൺ നമ്പർ എന്നിവ ഓരോ മൂന്ന് വർഷം കൂടുമ്പോഴും പുതുക്കേണ്ടതാണ്.

(ബി) ഇതിനായി ആശുപത്രികളിൽ ഒരു പ്രത്യേക ഉദ്യോഗസ്ഥനെ നിയമിക്കേണ്ടതാണ്.

(സി) സമ്മതപത്രം നൽകിയവർക്ക് വിവരങ്ങൾ പുതുക്കുന്നതിനായി ഓൺലൈൻ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

12. <u>ഏറ്റെടുത്ത മൃതദേഹങ്ങൾ പഠനാവശ്യത്തിന് ശേഷം യഥാസമയം മറവ് ചെയ്യുന്നത് സംബന്ധിച്ച്.</u>—പഠനാവശ്യത്തിനായി ഏറ്റെടുത്ത മൃതദേഹങ്ങൾ പഠനത്തിനുശേഷം യഥാസമയം മറവ് ചെയ്യുന്നു എന്ന് സർക്കാർ ഉറപ്പാക്കേണ്ടതാണ്. പഠനശേഷം മറവ് ചെയ്യപ്പെടേണ്ട മൃതദേഹങ്ങൾ യഥാവിധി മറവ് ചെയ്യുകയും, മറവുചെയ്ത ശേഷം പ്രസ്തുത വിവരം കുടുംബത്തെ അല്ലെങ്കിൽ അടുത്ത ബന്ധുവിനെ അറിയിക്കേണ്ടതും ആകുന്നു. ഇപ്രകാരമുള്ള അറിയിപ്പ് രേഖാമൂലം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി നൽകേണ്ടതാണ്.

13. <u>മരണപ്പെട്ട വിവരം ആശുപത്രി അധികൃതരെ അറിയിച്ചാൽ ക്ലിപ്ത സമയത്തിനുള്ളിൽ മൃതദേഹം ഏറ്റെടുക്കേണ്ടതാണ്.</u>—മെഡിക്കൽ പഠന ആവശ്യത്തിനായി സ്വമേധയായി മൃതദേഹം വിട്ടുനൽകാൻ തയ്യാറായവരുടെ മരണശേഷം മൃതദേഹങ്ങൾ ഏറ്റെടുക്കണമെന്ന് ബന്ധുക്കൾ അറിയിച്ചാൽ മൂന്ന് മണിക്കൂറിനുള്ളിൽ തന്നെ ബന്ധപ്പെട്ട ആശുപത്രി അധികൃതരും തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ സമിതിയും ചേർന്ന് മൃതദേഹം ആശുപത്രിയിൽ എത്തിക്കേണ്ടതും ഇങ്ങനെ മൃതദേഹം ആശുപത്രിയിൽ എത്തിക്കുന്നതിനായി ചെലവായ തുക സർക്കാർ വഹിക്കേണ്ടതുമാണ്.

14. <u>മൃതദേഹങ്ങൾ സ്വകാര്യ മെഡിക്കൽ കോളേജുകൾക്ക് നൽകുന്ന വകയിൽ ലഭിക്കുന്ന തുക ഒരു പ്രത്യേക നിധിയായി രൂപീകരിക്കേണ്ടതാണ്.</u>—(എ) സർക്കാർ മെഡിക്കൽ കോളേജുകളിൽ ലഭിക്കുന്ന മൃതദേഹങ്ങൾ സ്വകാര്യ മെഡിക്കൽ കോളേജുകൾക്ക് നൽകുന്നതിന് തുക നിശ്ചയിക്കുന്നതിനും അതുവഴി ലഭ്യമാകുന്ന തുക ഒരു പ്രത്യേക നിധി രൂപീകരിച്ച് അതിൽ വകയിരുത്തേണ്ടതും അപ്രകാരം ലഭിക്കുന്ന തുക സമ്മതപത്രം നൽകുന്ന വ്യക്തികളുടെ സൗജന്യ ചികിത്സയ്ക്കും മരുന്ന് ഉൾപ്പെടെ നൽകുന്നതിനും ഉപയോഗിക്കേണ്ടതുമാണ്.

(ബി) മൃതദേഹങ്ങൾ ആശുപത്രിയിൽ എത്തിക്കുന്നതിന് ചെലവാകുന്ന തുക ഈ നിധിയിൽ നിന്നും കണ്ടെത്തേണ്ടതാണ്.

15 <u>സമ്മതപത്രം നൽകിയ വ്യക്തി അപകടത്തിൽ മരണപ്പെട്ടാൽ പാലിക്കേണ്ട നടപടിക്രമങ്ങൾ.</u>—സമ്മതപത്രം നൽകിയ വ്യക്തി അപകടത്തിൽ മരണപ്പെട്ടാൽ സമ്മതപത്രപ്രകാരം അവയവങ്ങൾ ദാനം ചെയ്യാൻ നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ ആയത് എടുത്ത ശേഷം മാത്രം പഠനാവശ്യത്തിനായി മെഡിക്കൽ കോളേജുകൾക്ക് വിട്ടു നൽകേണ്ടതാണ്. എന്നാൽ സമ്മതപത്രം നൽകിയ വ്യക്തി അപകടത്തിൽ മരണപ്പെട്ടാൽ മൃതശരീരം പഠനയോഗ്യം അല്ലെങ്കിൽ അവ ഏറ്റെടുക്കേണ്ടതില്ലാത്തതും അവ ബന്ധുക്കൾക്ക് വിട്ടുനൽകാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

16. <u>മൃതദേഹങ്ങൾ വിട്ടുനൽകുന്നതിനായി ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള വ്യവസ്ഥ.</u>—മെഡിക്കൽ കോളേജുകളിൽ പഠനാവശ്യത്തിനായി മൃതശരീരങ്ങൾ സ്വമേധയാ വിട്ടുനൽകുന്നതിന് സർക്കാർതലത്തിലും അല്ലെങ്കിൽ മറ്റ് സന്നദ്ധ സംഘടനകൾ വഴിയും പൊതുജനങ്ങളിൽ അവബോധം ഉണ്ടാക്കാൻ പര്യാപ്തമായ രീതിയിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതിനായി വേണമെങ്കിൽ സർക്കാർതലത്തിൽ സമൂഹമാധ്യമങ്ങളിലും ദൃശ്യമാധ്യമങ്ങളിലും ആവശ്യമായ ബോധവൽക്കരണം നൽകേണ്ടതാണ്. മാത്രമല്ല സ്കൂൾ പാഠ്യപദ്ധതിയിൽ ഇത്തരം നടപടികൾക്ക് ബോധവൽക്കരണം നൽകുന്ന തരത്തിലുള്ള ഭാഗങ്ങൾ ഉൾപ്പെടുത്താൻ സർക്കാർ ശ്രമിക്കേണ്ടതാണ്.

17. <u>സാംക്രമിക രോഗങ്ങൾ ബാധിച്ച മൃതദേഹങ്ങൾ ഏറ്റെടുക്കുന്നതിൽ നിന്നും ഒഴിവാക്കുന്ന നടപടിക്രമം.</u>—സമ്മതപത്രം നൽകിയ വ്യക്തി സാംക്രമിക രോഗം ബാധിച്ചാണ് മരണപ്പെട്ടതെങ്കിൽ അത്തരത്തിലുള്ള മൃതദേഹങ്ങൾ മെഡിക്കൽ പഠനാവശ്യത്തിനായി ഏറ്റെടുക്കാൻ പാടില്ലാത്തതും ആയത് ശാസ്ത്രീയമായ രീതിയിൽ മറവ് ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

18. <u>ഉത്തമ വിശ്വാസത്തിൽ ചെയ്ത പ്രവൃത്തികൾക്കുള്ള സംരക്ഷണം.</u>— ഈ ആക്റ്റ് പ്രകാരമോ അതിൻ കീഴിലോ ഉത്തമവിശ്വാസത്തോടെ ചെയ്തതോ ചെയ്യാനുദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച് യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റ് നിയമ നടപടികളോ ആർക്കെതിരെയും നിലനിൽക്കുന്നതല്ല.

19. <u>വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.</u>—ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ എന്തെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്നപക്ഷം സർക്കാരിന്, ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഉത്തരവിനാൽ, ആ വൈഷമ്യം നീക്കുന്നതിന്, ആവശ്യമെന്നോ യുക്തമെന്നോ അതിന് തോന്നുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്.

20. <u>ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.</u>—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനത്തിലൂടെ ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനായി മുൻകാല പ്രാബല്യത്തോടുകൂടിയോ, പിൽക്കാല പ്രാബല്യത്തോടുകൂടിയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കുന്ന ഏതൊരു ചട്ടവും അത് ഉണ്ടാക്കിയ ശേഷം കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, സഭ മുൻപാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനത്തിലോ വരാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുൻപ് നിയമസഭ പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം ആ ചട്ടത്തിന്, അതിനു ശേഷം, അതതു സംഗതി പോലെ, അപ്രകാരം ഭേദഗതി ചെയ്ത രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു . എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും ഭേദഗതിയോ റദ്ദാക്കലോ, ആ ചട്ടപ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സംസ്ഥാനത്ത് മെഡിക്കൽ കോളേജുകളുടെയും മെഡിക്കൽ വിദ്യാർത്ഥികളുടെയും എണ്ണം വർദ്ധിച്ച സാഹചര്യത്തിൽ മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് കൃത്യവും സ്പഷ്ടവുമായ പഠന ആവശ്യത്തിനായി മൃതശരീരങ്ങൾ ആവശ്യമാണ്. പന്ത്രണ്ട് വിദ്യാർത്ഥികൾക്ക് ഒരു മൃതശരീരം എന്നതാണ് ഈ മേഖലയിലെ വിദഗ്ധർ ചൂണ്ടിക്കാട്ടുന്നത്. ഇത്തരത്തിൽ സർക്കാർ മേഖലയിലെയും സ്വാശ്രയ മേഖലയിലെയും മെഡിക്കൽ കോളേജുകളുടെയും എണ്ണം വർദ്ധിച്ച സാഹചര്യത്തിൽ കൂടുതൽ മൃതശരീരങ്ങൾ ഈ മേഖലയിൽ ആവശ്യമാണ്. എന്നാൽ ഇതിന്റെ ലഭ്യത വളരെ കുറവാണ്. അതുകൊണ്ടുതന്നെ ഈ മേഖലയിൽ മെഡിക്കൽ വിദ്യാഭ്യാസ പഠന ആവശ്യത്തിനായി സ്വമേധയാ മൃതദേഹങ്ങൾ വിട്ടുനൽകുന്നതിനും അത് ഓരോ പൗരന്റെയും കടമയായി മാറ്റുന്നതിനും അവ പ്രോത്സാഹിപ്പിക്കുന്നതിനും ആയി ഈ മേഖലയിൽ ഒരു നിയമനിർമാണം നടത്തേണ്ടതുണ്ട്. ഈ ലക്ഷ്യം നിറവേറ്റുവാനാണ് ഈ ബിൽ കൊണ്ട് ഉദ്ദേശിക്കുന്നത്.

## ധനകാര്യമെമ്മോറാണ്ടം.

ഈ ആക്റ്റ് നിലവിൽ വന്നാൽ ഇതിലെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിലേക്കായി സർക്കാർ ഖജനാവിൽ നിന്നും പണം ചെലവഴിക്കേണ്ടതുണ്ട്. എന്നാൽ ഇത് എത്ര തുകയാണെന്ന് മുൻകൂട്ടി കണക്കാക്കാൻ കഴിയുകയില്ല. പ്രാരംഭ പ്രവർത്തനങ്ങൾക്കായി 25 ലക്ഷം രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു.

മുഹമ്മദ് മുഹസിൻ, എം.എൽ.എ.